പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 840

25.07.2012-ൽ മറുപടിയ്ക്ക്

അഡ്വഞ്ചർ ടൂറിസം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ. റോഷിഅഗസ്റ്റിൻ<br>ശ്രീ. പി.സി.ജോർജ്ജ്<br>ഡോ. എൻ. ജയരാജ് | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| എ) സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | എ) ഉണ്ട്. സാഹസിക വിനോദത്തിന് ഏറ്റവും അനുയോജ്യമായ ഭൂപ്രകൃതി ഉള്ള കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കരയിലും ജലത്തിലുമുള്ള സാഹസിക വിനോദപ്രവർത്തനങ്ങൾ പ്രോത് സാഹിപ്പിക്കുന്നതിനുള്ള നടപടികൾ ടൂറിസം വകുപ്പ് കൈക്കൊണ്ടു വരുന്നുണ്ട്. കേരളത്തിലെ പ്രധാന കായലുകളിലും ബീച്ചുകളിലും ലീഷർ വാട്ടർ സ്പോർട്ട്സ് സാധ്യതാ പഠനം നടത്താനുള്ള ഭരണാനുമതി ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സിന് നൽകുകയും വനം വകുപ്പ് , ഇക്കോ ടൂറിസം എന്നിവ മുഖേന സാഹസിക വിനോദ കേന്ദ്രങ്ങൾ സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരികയും ചെയ്യുന്നു ഇതുകൂടാതെ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ചില സംഘടനകളും വ്യക്തികളും സാഹസിക വിനോദ സഞ്ചാര പ്രവർത്തനങ്ങളിൽ സജീവമായി പ്രവർത്തിച്ച് വരികയും ചെയ്യുന്നുണ്ട്. സാഹസിക വിനോദ സഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായി അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി രൂപീകരിക്കാൻ സർക്കാർ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി ടൂറിസം മേഖലയിൽ ഇതുവരെ എന്തെല്ലാം കാര്യങ്ങൾ നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | ബി ) ഇക്കോ ടൂറിസത്തിന്റെ ഭാഗമായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള വിവിധ വനപ്രദേശങ്ങളിൽ ട്രക്കിംഗ്, റോക്ക് ക്ലൈമ്പിംഗ്, വൈൽഡ് ലൈഫ് സഫാരി തുടങ്ങിയ സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിനു പുറമേ കൊല്ലം ജില്ലയിലെ തെന്മല ഇക്കോ ടൂറിസം പദ്ധതി പ്രദേശത്ത് അഡ്വഞ്ചർ ടൂറിസത്തിനായി ഒരു മേഖല തന്നെ നീക്കിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സിന്റെ (NIWS) സഹായത്തോടെ കേരളത്തിലെ പ്രധാനപ്പെട്ട കായലുകളിലും ബീച്ചുകളിലും ലീഷർ വാട്ടർ സ്പോർട്ട്സ് നടത്തുന്നതിനുള്ള സാധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കിവരികയും ചെയ്യുന്നു. |

സി) അഡ്വഞ്ചർ ടൂറിസം മേഖലയുടെ വികസനത്തിന് നടപ്പുസാമ്പത്തിക വർഷം എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

സി) NIWS - ന്റെ പഠനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സാഹസിക വിനോദ സഞ്ചാര പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി കൈക്കൊള്ളുന്നതാണ്. സാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്ന ടൂറിസം ഓപ്പറേറ്റർമാർക്ക് പ്രത്യേക ഇൻസന്റീവ് നൽകുന്നതിനുള്ള നിർദ്ദേശം പുതിയ ടൂറിസം നയത്തിൽ വിവക്ഷിക്കുന്നുണ്ട്. മൗണ്ടൻ സൈക്ക്ളിംഗ് മത്സരം ഈ വർഷം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ വാഗമൺ, മൂന്നാർ, കോട്ടയം ജില്ലയിലെ കിഴക്കൻ മലയോരപ്രദേശങ്ങളായ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കൽ, അയ്യൻപാറ തുടങ്ങിയ സ്ഥലങ്ങളിൽ ഈ സാമ്പത്തിക വർഷം അഡ്വഞ്ചർ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഡി) കഴിഞ്ഞ അഞ്ചുവർഷം ഈ ഇനത്തിൽ നീക്കിവച്ച തുക എത്ര വീതമാണ്; വിശദാംശം നൽകുമോ?

ഡി) അഡ്വഞ്ചർ ടൂറിസത്തിന് പ്രത്യേകമായി ഫണ്ട് ബഡ്ജറ്റിൽ നീക്കി വച്ചിട്ടില്ല. എന്നാൽ അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് മറ്റു സ്കീമുകളിലായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ